**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 941** **29-08-2022 - ൽ മറുപടിയ്ക്ക്**

**മണ്ഡലകാല തീർത്ഥാടനത്തിന് മുന്നോടിയായുള്ള ക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിൽ മണ്ഡലകാല തീർത്ഥാടനത്തിന് മുന്നോടിയായുള്ള ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | മണ്ഡലകാല തീർത്ഥാടനത്തിന് മുന്നോടിയായുള്ള ക്രമീകരണങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സമയക്രമം നിശ്ചയിച്ച് ആരംഭിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനത്തിന് മുന്നോടിയായി പരമ്പരാഗത കാനന പാത പൂർണ്ണ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. പമ്പ, സന്നിധാനം, നിലക്കൽ എന്നിവിടങ്ങളിലെ മരാമത്ത് പണികൾ പുരോഗമിക്കുന്നുണ്ട്. ആയവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കടകൾ ഉൾപ്പെടെയുള്ളവയുടെ ലേലനടപടികൾ പുരോഗമിച്ച് വരുന്നു. ഭക്തർക്കായുള്ള വിരി സൗകര്യങ്ങൾ ഒരുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലക്കൽ, എരുമേലി, കഴക്കൂട്ടം, ചിറങ്ങര, ചെങ്ങന്നൂർ, എന്നിവിടങ്ങളിലെ ഇടത്താവളങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ശ്രീകപുരം, മണിയങ്കോട് എന്നിവിടങ്ങളിലെ ഇടത്താവളങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി, പൊതുമരാമത്ത്, വനം, പോലീസ്, എക്സൈസ് തുടങ്ങിയ വിവിധ വകുപ്പുകളുമായി ചർച്ച ചെയ്ത് തൻവർഷത്തെ ശബരിമല തീർത്ഥാടനകാലം സുഗമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ച് വരുന്നുണ്ട്.<br><br>കൂടാതെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലാ ഭരണകൂടം കാലാകാലങ്ങളായി നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളും പദ്ധതികളും ഈ വർഷവും നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | ഈ വിഷയത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സർക്കാർ തല അവലോകന യോഗം ഉടൻ കൂട്ടുന്നതാണ്. |
| (ബി) | മണ്ഡലകാലത്ത് വെർച്ചൽ ക്യൂ സംവിധാനം നടപ്പാക്കുന്നുണ്ടോ; എങ്കിൽ ഇത് നടപ്പാക്കുന്നത് എപ്രകാരമാണെന്നും ആരുടെ നിയന്ത്രണത്തിൽ ആയിരിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br><br>ബഹു. ഹൈക്കോടതിയുടെ DBP No. 13/2021 & Connected cases -ലെ 22/04/2022 തീയതിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശബരിമല വിർച്ചൽ ക്യൂ സംവിധാനത്തിന്റെ സാങ്കേതിക നിയന്ത്രണം തിരുവിതാംകൂർ ദേവസ്വം ഏറ്റെടുത്തിട്ടുള്ളതും വെർച്ചൽ ക്യൂവിന്റെ ടിക്കറ്റ് വെരിഫിക്കേഷനും അനുബന്ധ കാര്യങ്ങളും കേരള പോലീസ് മുഖാന്തിരം നടപ്പാക്കി വരുന്നതുമാണ്. |
| (സി) | മണ്ഡലകാലത്തിന് മുൻപ് ശബരിമലയിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ശബരിമല തീർത്ഥാടനത്തിന്റെ സുഗമമായ നടത്തിപ്പ് ചർച്ച ചെയ്യുന്നതിനും വകുപ്പുതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി പത്തനംതിട്ട ജില്ലാ കളക്ടർ വിളിച്ചു ചേർക്കുന്ന അവലോകന യോഗങ്ങളിൽ ശബരിമലയിലേക്കുള്ള റോഡുകളുടെ സ്ഥിതി വിലയിരുത്തി ഗതാഗത യോഗ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പ്(നിരത്ത്)/ നാഷണൽ ഹൈവേ/ കെ.എസ്.റ്റി.പി അധികൃതർക്ക് നൽകുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് ബഹു. ദേവസ്വം മന്ത്രി വിളിച്ചു ചേർക്കുന്ന യോഗങ്ങളിലും റോഡുകളുടെ സ്ഥിതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ